**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4494** **18-03-2025 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ കാവുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ ദേവസ്വം വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അടങ്കൽ തുക സഹിതം വിശദമാക്കാമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | മണ്ഡലത്തിൽ ക്ഷേത്രങ്ങളിലെ കാവുകൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | പാറശാല നിയോജക മണ്ഡലത്തിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ നവീകരിച്ച് സംരക്ഷിക്കുന്നതിനായി സംസ്ഥാന ബജറ്റിൽ വർഷാവർഷം ഒരു കോടി രൂപ വകയിരുത്തുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം മലബാർ ദേവസ്വം ബോർഡിന് നല്കിയ ഭരണാനുമതി പ്രകാരമുള്ള ഫണ്ടാണ് നിലവിൽ റിലീസ് ചെയ്തു വരുന്നത്. ആയത് നല്കി തീർന്നതിനു ശേഷം ഭരണാനുമതിക്കുള്ള പുതിയ അപേക്ഷകൾ ക്ഷണിക്കുമ്പോൾ ക്ഷേത്രങ്ങൾക്ക് അതാത് ബോർഡുകൾ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത കാവുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുമോയെന്ന് അറിയിക്കുമോ? | (സി) | പാറശാല നിയോജക മണ്ഡലത്തിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ നവീകരിച്ച് |

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുന്നതിനായി സംസ്ഥാന ബജറ്റിൽ വർഷാവർഷം ഒരു കോടി രൂപ വകയിരുത്തുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം മലബാർ ദേവസ്വം ബോർഡിന് നല്കിയ ഭരണാനുമതി പ്രകാരമുള്ള ഫണ്ടാണ് നിലവിൽ റിലീസ് ചെയ്തു വരുന്നത്. ആയത് നല്കി തീർന്നതിനു ശേഷം ഭരണാനുമതിക്കുള്ള പുതിയ അപേക്ഷകൾ ക്ഷണിക്കുമ്പോൾ ക്ഷേത്രങ്ങൾക്ക് അതാത് ബോർഡുകൾ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ.**

1. Muriyankara Devaswom in Neyyattinkara Group – Annual Maintenance in 1200 ME – Estimate Amount Rs.1,05,000/-

2. Muriyankara Devaswom in Neyyattinkara Group – Providing interlocking blocks at the front yard portion – Estimate Amount Rs.1,80,000/-

3. Ancode Devaswom in Neyyattinkara Group - Annual Maintenance in 1200 ME – Estimate Amount Rs.1,91,000/-

4. Chezhuganoor Devaswom in Neyyattinkara Group – Construction of Devaswom office – Estimate Amount Rs. 9,83,000/-